# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ജീവനക്കാര്യം: ഓഖി ചുഴലിക്കാറ്റ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സർവ്വകലാശാല അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാരുടെ സമ്മതപത്രമില്ലാതെ 2017 ഡിസംബർ മാസത്തിലെ ശമ്പളത്തിൽ നിന്നും കുറവു ചെയ്ത രണ്ട് ദിവസത്തെ ശമ്പളം തിരികെ നൽകുവാൻ അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 478/എ1/2/2018/ഭരണവിഭാഗം — തീയതി, പ്രിയദർശിനി ഹിൽസ്, 19.01.2018

സൂചന: (1) കേരള സർക്കാരിന്റെ പരിപത്രം നമ്പർ സി.ഡി.എൻ.4/205/2017/പൊ.ഭ.വ. തീയതി 21.12.2017.
(2) സർവ്വകലാശാല പരിപത്രം നമ്പർ എഡി.എ1-2-25/2017, തീയതി 27.12.2017.
(3) മഹാത്മാഗാന്ധി സർവ്വകലാശാല എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറിയുടെ കത്ത് നമ്പർ എം ജി യു ഇ യു 15/2017 തീയതി 05.01.2018.

## <u>ഉത്തരവ്</u>

ഓഖി ചുഴലിക്കാറ്റിൽ ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും മറ്റ് ദുരിത ബാധിതർക്കും ആശ്വാസമാകത്തക്കവിധം സഹായം ലഭ്യമാക്കുന്നതിലേക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിനായി സൂചന (2)-ലെ പരിപത്രത്തിനനുസൃതമായി, സമ്മതപത്രം നൽകാത്ത സർവ്വകലാശാലയിലെ അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാരുടെ 2017 ഡിസംബർ മാസത്തിലെ ശമ്പളത്തിൽ നിന്നും രണ്ട് ദിവസത്തെ ശമ്പളം കുറവു ചെയ്തിരുന്നു. ഇതു സംബന്ധിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല എംപ്ലോയീസ് യൂണിയൻ സൂചന (3) പ്രകാരം പരാതി ഉന്നയിച്ചിരുന്നു.

മേൽവിഷയം പരിഗണിച്ചുകൊണ്ട്, സമ്മതപത്രം നൽകാത്ത സർവ്വകലാശാലയിലെ അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാരുടെ 2017 ഡിസംബർ മാസത്തിലെ ശമ്പളത്തിൽ നിന്നും കുറവു വരുത്തിയ രണ്ട് ദിവസത്തെ ശമ്പളം തിരികെ നൽകുന്നതിനും, അവരുടെ സമ്മതപത്രത്തിനു വിധേയമായി, ഇഷ്ടപ്പെട്ട തുക സംഭാവന നൽകുവാനുള്ള അവസരം ടി ജീവനക്കാർക്ക് അനുവദിച്ചുകൊണ്ടും, ഇതുമായി ബന്ധപ്പെട്ട നടപടികൾ രണ്ടു ദിവസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണെന്നും വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യു.എ.സി.
6. FCC സെക്ഷൻ (തുടർനടപടികൾക്കായി)
7. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി / ഡേ ഫയൽ / നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ